മാതൃഭൂമി

03 April 2017

# സി.എം.എഫ്.ആർ.ഐയ്ക്ക് കീഴിൽ കേരളത്തിൽ കൂടുമത്സ്യകൃഷി തരംഗം

കൊച്ചി: കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം നേടാവുന്ന കൂടുമത്സ്യകൃഷി കേരളത്തിലും വ്യാപകമാകുന്നു. കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിനു (സി.എം.എഫ്.ആർ.ഐ.) കീഴിലാണ് സംസ്ഥാനത്ത് കൂടുമത്സ്യകൃഷി ജനകീയമാകുന്നത്.

സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ കടൽ കൂടുമത്സ്യകൃഷി നേരത്തെ തന്നെ വ്യാപകമാണ്. കേരളത്തിൽ സമുദ്ര കൂടുകൃഷി തുടങ്ങാനിരിക്കുന്നേയുള്ളൂ. സംസ്ഥാനത്തെ കായലുകളും മറ്റ് ജലാശയങ്ങളും കൂടുമത്സ്യകൃഷിക്ക് ഏറെ അനുയോജ്യമാണ്.

വാണിജ്യ പ്രാധാന്യമുള്ള മത്സ്യയിനങ്ങളായ കാളാഞ്ചി, കരിമീൻ, തിലാപ്പിയ, ചെമ്പല്ലി, വറ്റ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

### കുറഞ്ഞ ചെലവ്, കൂടുതൽ ലാഭം

കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭമുണ്ടാക്കാമെന്നതാണ് കൂടുമത്സ്യകൃഷിയുടെ പ്രത്യേകത. ഓരുജലാശയങ്ങളും ശുദ്ധജലസ്രോതസ്സുകളും കൂടുകൃഷി ചെയ്യുന്നതിന് ഉചിതമാണ്. നാല് മീറ്റർ വീതം വീതിയും നീളവും ആഴവുമുള്ള കൂടുകളാണ് സാധാരണയായി കേരളത്തിലെ സാഹചര്യങ്ങളിൽ കൃഷി ചെയ്യാൻ ഉപയോഗിക്കുന്നത്. 48 ക്യൂബിക് മീറ്ററാണ് ഇതിൻെറ വ്യാസം. ജലാശയത്തിൻെറ ആഴത്തിനനുസരിച്ച് കൂടിൻെറ ആഴത്തിലും മാറ്റം വരാം. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന രീതിയിലാണ് കൂടുകൾ ജലാശയങ്ങളിൽ സ്ഥാപിക്കുന്നത്. വല, ഡ്രം അടക്കം ഈ വലിപ്പത്തിലുള്ള കൂട് സ്ഥാപിക്കുന്നതിന് 45,000 മുതൽ 50,000 രൂപവരെയാണ് ചെലവ്. ഒരു കൂടിൽ തന്നെ കാളാഞ്ചിയും കരിമീനും ഒരേസമയം തന്നെ വളർത്താം. ഒരു കൂടിൽ 1,000 വീതം കരിമീൻ, കാളാഞ്ചി കുഞ്ഞുങ്ങളെ നിക്ഷേപിക്കാം. ഈ മീൻകുഞ്ഞുങ്ങൾക്ക് പരമാവധി 50,000 വരെ ചെലവ് വരും.

ആറ് മുതൽ എട്ട് മാസം വരെയാണ് കൃഷിയുടെ കാലാവധി. കൃഷി ആരംഭിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപയും തീറ്റയ്ക്ക് പരമാവധി 50,000 രൂപയും ചെലവ് വരും. 90 ശതമാനം അതിജീവന നിരക്കിൽ ഒരു കൂടിൽ നിന്ന് ചുരുങ്ങിയത് 600 കിലോഗ്രാം കാളാഞ്ചിയും 250 കിലോഗ്രാം കരിമീനും ലഭിക്കും. പൂർണമായും ജൈവകൃഷിയായതിനാൽ കാളാഞ്ചി കിലോഗ്രാമിന് 650 രൂപയും കരിമീനിന് 550 രൂപയും വിപണിയിൽ ലഭിക്കും.

കായലുകളിലും പൊതുജലാശയങ്ങളിലും കൃഷി ചെയ്യുന്നതിന് അതത് സ്ഥലങ്ങളിലെ നഗരസഭ അല്ലെങ്കിൽ പഞ്ചായത്ത് അധികൃതരിൽ നിന്ന് എൻ.ഒ.സി. വാങ്ങണം. എഫ്.എഫ്.ഡി.എ.ക്ക് പുറമെ, സംഘം ചേർന്ന് കൂടുകൃഷി ചെയ്യുന്നതിന് നാഷണൽ ഫിഷറീസ് ഡെവലപ്പ്മെൻറ് ബോർഡ്, സംസ്ഥാന സർക്കാരിനു കീഴിലുള്ള അഡാക് എന്നിവരും സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടുമത്സ്യകൃഷി ചെയ്യാൻ താത്പര്യമുള്ളവർക്ക് പരിശീലനത്തിലായി സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗത്തിൽ പേർ രജിസ്റ്റർ ചെയ്യാം.



ആലുവ പെരിയാർ നദിയിൽ തുടങ്ങിയ കൂടുമത്സ്യകൃഷി യൂണിറ്റുകൾ